**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** **27-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സേവനങ്ങൾ ലഭ്യമാക്കാനായി വിവിധ വകുപ്പുകൾ പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നൽകുന്ന ചില രേഖകളിൽ/ സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിയാണ് ആയത് വിതരണം ചെയ്യുന്നതെന്ന് സൂചിപ്പിക്കാറുണ്ട്. ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പലതും പല ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പല ആവശ്യങ്ങൾക്കായി ഒരേ സർട്ടിഫിക്കറ്റിനുതന്നെ നിരവധി തവണ അപേക്ഷിക്കേണ്ടതായി വരുന്നു. ഇത് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഒന്നിലധികം പേജുകളിലുള്ള അപേക്ഷ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പൗരന്മാർ അഭിമുഖീകരിക്കുന്നു. പല അപേക്ഷാ ഫോമുകളിലെയും ഭാഷ സങ്കീർണ്ണമായതിനാൽ അപേക്ഷകർക്ക് മറ്റുള്ളവരിൽ നിന്ന് സഹായം തേടേണ്ടതായും വരുന്നു. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റ് ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഈ നടപടി ക്രമങ്ങൾ പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും അതുവഴി പൗരന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽ നിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. പൗരന്മാർ നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ |

| | | | |
|---|---|---|---|
| | | | മറികടക്കുന്നതിനായും സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിനും പരമാവധി സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെ തന്നെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ 12 ഇനം സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതവും സമയബന്ധിതമായി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സഹായകമാകും. |
| (ബി) | വിവിധ സർക്കാർ സേവനങ്ങൾക്കായി ഈടാക്കിയിരുന്ന ഫീസ് നിർത്തലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. ആദ്യഘട്ടമെന്ന നിലിയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ, നോട്ടറൈസേഷൻ എന്നിവ ഒഴിവാക്കിയിട്ടുണ്ട്. പകരം സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും. |

സെക്ഷൻ ഓഫീസർ